Bangalore, 2003 January 24 Friday

KERALA KAUMUDI ESTD 1911



സംസ്ഥാനതല സോളാർ ഭവന വൈദ്യുതി വായ്പാ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ കാനറാബാങ്ക് ജനറൽ മാനേജർ എം. ഗോകുൽദാസ്, കെ. ആർ. ഇ. ഡി. ഐ ചെയർമാൻ വൈ. എസ്. സി. ബോസ്, കാനറാബാങ്ക് ചെയർമാൻ ആർ. വി. ശാസ്ത്രി, എൻ. കാന്തകുമാർ, ജ്യോതിപ്രകാശ് പൈനുലി എന്നിവർ

# ക്രൈസ്റ്റ് കോളജിൽ ആഘോഷ പരിപാടി

ബാംഗ്ളൂർ: ക്രൈസ്റ്റ് കോളജിലെ ട്രാവൽ, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളുടെ വാർഷികത്തോടനുബന്ധിച്ച് രണ്ടുദിവസത്തെ ആഘോഷങ്ങൾ ഇന്നാരംഭിക്കും.

എക്സോഡസ് എന്ന പേരിൽ നടത്തുന്ന പരിപാടിയിൽ ഇന്റർ കൊളീജിയറ്റ് മൽസരങ്ങൾ, ക്വിസ് മൽസരം, സാംസ്ക്കാരിക പരിപാടികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കർണാടക ഇൻഫർമേഷൻ സെക്രട്ടറി സി. എസ്. കേദർ മുഖ്യാതിഥിയായിരിക്കും.

# ആനക്കൊമ്പ് പിടിച്ചു

ബാംഗ്ളൂർ: ആനക്കൊമ്പ് കടത്തിയ കേസിൽ യുവാവിനെ വനം വകുപ്പ് അധികൃതർ പിടികൂടി. ബി.റ്റി.എം.ലേഔട്ട് എൻ.എസ്.പാളയ നിവാസി ഹരീഷ്(33) ആണ് അറസ്റ്റിലായത്. ഇയാളിൽ നിന്ന് 5.4 ലക്ഷം രൂപയുടെ ആനക്കൊമ്പും 1.75 ലക്ഷം രൂപയുടെ പുലിത്തോലും കണ്ടെടുത്തു.